# 2012-ൽ കാര്യങ്ങ ൾ എങ്ങനെയായിരുന്നു എന്ന് പരിശോധിക്കുക

സാക് പുന്നൻ

ഒരു വർഷത്തിന്റെ അവസാന ദിവസങ്ങളിലേക്ക് വരുമ്പോ ൾ കഴിഞ്ഞ ഒരു വർഷം നമ്മുടെ ജീവിതത്തിൽ കാര്യങ്ങള് എങ്ങനെയായിരുന്നു എന്ന് പരിശോധിക്കുന്നതു നല്ലതാണ്.

പ്രവാചകനായ ഹഗ്ഗായി തന്റെ കാലഘട്ടത്തിലുള്ളവരെ പ്രബോധിപ്പിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ".

ഹഗ്ഗായി 1:5,6ൽ ഇങ്ങനെ എഴുതിയിരിക്കുന്നു; "ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നിങ്ങളുടെ വഴികളെ വിചാരിച്ചുനോക്കുവി ൻ. നിങ്ങൾ വളരെ വിതച്ചിട്ട് അല്പ്പമെ കൊണ്ടുവരുന്നുള്ളൂ. നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തിവരുന്നില്ല. നിങ്ങൾ പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല. വസ്ത്രം ധരിച്ചിട്ടു ആർക്കും കുളി ർ മാറുന്നില്ല. കൂലിക്കാർ ഓട്ടസഞ്ചിയിൽ ഇടുവാ ൻ കൂലി വാങ്ങുന്നു."

ഈ ചോദ്യങ്ങൾ നമുക്ക് നമ്മോടു തന്നെ ഇപ്രകാരം ചോദിക്കാം," *നിങ്ങളുടെ ജീവിതത്തിൽ കാര്യങ്ങ ൾ എങ്ങനെ പോകുന്നു എന്ന് വിചാരിച്ചു നോക്കുവി ൻ." അവിടെ ആത്മീയതയുടെ ഫലം ഉണ്ടായിട്ടുണ്ടോ? നിങ്ങൾ വളരെ വിതച്ചിട്ടുണ്ട്, എന്നാൽ അല്പമേ കൊയ്യുന്നുള്ളൂ. നിങ്ങൾ ധാരാളം ക്രിസ്തീയ യോഗങ്ങൾക്ക് പോയി, ക്രിസ്തീയ പുസ്തകങ്ങൾ വായിച്ചു, ടേപ്പുകൾ കേട്ടു. എന്നാൽ നിങ്ങളുടെ ഭവനം ഒരു ദൈവീക ഭവനമോ, സമാധാനത്തിന്റെ ഭവനമോ ആയിട്ടുണ്ടോ?. നിങ്ങൾ നിങ്ങളുടെ ഭാര്യക്ക്/ഭർത്താവിനു നേരെ ഉച്ചത്തി ൽ സംസാരിക്കുന്നത് നിർത്തിയിട്ടുണ്ടോ?. ഇല്ലെങ്കിൽ നിങ്ങ ൾ വളരെ വിതച്ചു അല്പം മാത്രം കൊയ്യുന്നു. നിങ്ങൾ വസ്ത്രം ധരിക്കുന്നു എങ്കിലും ചൂട് ലഭിക്കുന്നില്ല. നിങ്ങൾ ധാരാളം പണം നേടുന്നു എങ്കിലും നിങ്ങളുടെ കീശയ്ക്ക് ദ്വാരങ്ങൾ ഉള്ളതുകൊണ്ട് അധികവും പാഴായി പോകുന്നു. നിങ്ങളെ ആത്മാവിൽ നിറയ്ക്കുവാൻ ദൈവത്തോട് ആവശ്യപ്പെടുന്നുവെങ്കിലും ചോർച്ചയുള്ളതുകൊണ്ട് ശക്തിയെല്ലാം പുറത്തേയ്ക്ക് പോകുന്നു. എന്തോ കുഴപ്പമുണ്ട്."*

ദ്വാരങ്ങളുള്ള പാത്രത്തിൽ ആരെങ്കിലും വെള്ളം ഒഴിച്ച് വയ്ക്കുമോ? പരിശുദ്ധാത്മാവിനാൽ നിറയ്ക്കണമേ എന്ന് ആവശ്യപ്പെട്ടുകൊണ്ട് ദൈവത്തിന്റെ അടുക്കൽ വരുന്ന പല വിശ്വാസികളും നിറയെ ദ്വാരങ്ങളുള്ള പാത്രവുമായിട്ടാണ് വരുന്നത്. ദൈവം പറയുന്നു, " ആദ്യം ദ്വാരങ്ങൾ അടയ്ക്കുക." നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുവാ ൻ ദൈവത്തിനു അതിയായ താല്പര്യമുണ്ട്. എന്നാ ൽ ഇനിയും ശരിയാകേണ്ട പലതും നിങ്ങളുടെ ജീവിതത്തിൽ ഉണ്ട്. ദ്വാരമുള്ള കീശയിൽ നിങ്ങ ൾ ഒരിക്കലും പണം ഇടാറില്ലല്ലോ. അതുപോലെ തന്നെ ദൈവവും ജീവിതത്തിന്റെ പല മേഖലകളിലും ചോർച്ചയുള്ളവരേയും തന്റെ ആത്മാവിനാ ൽ നിറയ്ക്കുന്നില്ല. അവർ തെറ്റ് ചെയ്തവരോട് ക്ഷമ ചോദിക്കുന്നില്ല. തെറ്റായി കൈവശപ്പെടുത്തിയ പണം തിരികെ നൽകുന്നില്ല. അങ്ങനെയുള്ള വലിയ ചില ദ്വാരങ്ങൾ. അത്തരം വലിയ വിടവ് ജീവിതത്തിൽ ഉള്ളപ്പോ ൾ പരിശുദ്ധാത്മാവിന്റെ നിറവിനായി രാത്രി മുഴുവ ൻ പ്രാർഥിച്ചിട്ട് യാതൊരു കാര്യവുമില്ല. ഒന്നും സംഭവിക്കുകയില്ല. അതിനു പകരം രാത്രി മുഴുവൻ ആ ദ്വാരങ്ങ ൾ അടയ്ക്കുവാ ൻ ചെലവഴിക്കുക. അപ്പോൾ വേഗത്തിൽ ഉത്തരം ലഭിക്കും.

ദൈവത്തിന്റെ താല്പര്യത്തെക്കാൾ അവരുടെ സ്വന്ത താല്പര്യങ്ങളും അവരുടെ കുടുംബത്തിന്റെ താല്പര്യവും ആദ്യം അന്വേഷിക്കുന്ന പതിനായിരക്കണക്കിനു വിശ്വാസികൾ ഇന്നുണ്ട്. തങ്ങളുടെ സ്വന്തം വസ്തു ആരെങ്കിലും കൈയ്യേറിയാൽ അതിൽ വളരെ ഭാരപ്പെടുന്ന ചിലർക്ക് ദൈവത്തിന്റെ വസ്തുവകകൾ സാത്താൻ കൈയ്യേറിയാൽ ഒരു പ്രയാസവുമില്ല. *മുമ്പേ* അവിടുത്തെ രാജ്യവും നീതിയും അന്വേഷിച്ചാൽ നമ്മുടെ ജീവിതത്തിനു ആവശ്യമുള്ളതെല്ലാം അതോടുകൂടെ ചേർക്കപ്പെടും എന്നാണു യേശു പറഞ്ഞത്. അതിനായി നാം അന്വേഷിച്ചു പോകേണ്ട കാര്യമില്ല. നാം ദൈവഭവനത്തിന്റെ കാര്യം നോക്കിയാൽ അവിടുന്ന് നമ്മുടെ ഭവനത്തിന്റെ കാര്യവും നോക്കിക്കൊള്ളും. അവിശ്വാസം നിറഞ്ഞ ഈ ലോകത്തിൽ, "ദൈവത്തെ മാനിക്കുന്നവരെ ദൈവം മാനിക്കും" എന്നതിന്റെ ജീവിക്കുന്ന സാക്ഷികളായി നാം മാറണം. ദൈവകുടുംബത്തിന്റെ കാര്യങ്ങൾ നോക്കിയതിനാൽ ദൈവം ഞങ്ങളെ മാനിച്ചു. നിങ്ങളുടെയും ജീവിതസാക്ഷ്യം ഇതുതന്നെയാണോ?.

ഹഗ്ഗായിയുടെ പ്രധാന വിഷയങ്ങളിലൊന്നു, "നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ" എന്നാണ്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)